# ശൈഖ് നാസ്വിറുദ്ദീൻ അൽബാനി (رحمه الله)

***ജനനവും ബാല്യകാലവും***

അൽബേനിയയുടെ തലസ്ഥാനമായ അശ്കോദരയിൽ ഹി.1332 (ക്രി.വ.1914)ൽ ഒരു ദരിദ്രകുടുംബത്തിലാണ് ശൈഖ് നാസ്വിറുദ്ദീൻ അൽബാനിയുടെ ജനനം. മുഴുവൻ പേര് അബൂഅബ്ദിറഹ്മാൻ മുഹമ്മദ് നാസ്വിറുദ്ദീൻ ഇബ്നുനൂഹ് ഇബ്നു ആദം നജാതീ അൽ അൽബാനി. അൽബേനിയക്കാരനായത് കൊണ്ടാണ് 'അൽബാനി' എന്ന പേരിൽ പ്രസിദ്ധനായത്. പിതാവായ നൂഹ് നജാതി അൽബാനി തുർക്കിയുടെ തലസ്ഥാനമായ ഇസ്തംബൂളിൽനിന്നും മതപഠനം പൂർത്തിയാക്കിയ ഒരു മത പണ്ഡിതനായിരുന്നു.

അൽബേനിയയുടെ ഭരണാധികാരിയായി വന്ന 'അഹ്മദ് സോഗു' പാശ്ചാത്യൻ ജീവിതശൈലി, ഭരണയന്ത്രമുപയോഗിച്ച് നാട്ടിൽ അടിച്ചേൽപ്പിക്കാൻ തുടങ്ങിയപ്പോൾ പലരും സ്വന്തം മതത്തിന്റെ സംരക്ഷണാർത്ഥം നാടുവിടാൻ തുടങ്ങി. അക്കൂട്ടത്തിൽ അൽബാനിയുടെ പിതാവും കുടുംബസമേതം നാടുവിട്ടു. അദ്ദേഹത്തിന്റെ കുടുംബം സിറിയയുടെ തലസ്ഥാനമായ ഡമസ്ക്കസിലേക്കാണ് 'ഹിജ്റ' പോയത്. ഹജ്ജ് യാത്രയിലും മറ്റും താൻ പരിചയപ്പെട്ട സ്ഥലം എന്നതിലുപരി ഹദീഥിലൂടെ സിറിയയുടെ ശ്രേഷ്ഠതകൾ അദ്ദേഹം വായിച്ചറിഞ്ഞിട്ടുമുണ്ടായിരുന്നു.

ഡമസ്ക്കസിൽനിന്നും പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കിയ നാസ്വിറുദ്ദീൻ അൽബാനിയെ പിന്നീട് ഔദ്യോഗിക വിദ്യാലയങ്ങളിലെ പഠനം തുടരാൻ പിതാവ് അനുവദിച്ചില്ല. കാരണം, മതപരമായ വിഷയങ്ങൾ പഠിക്കാനും ഉൾക്കൊള്ളാനും ഔദ്യോഗിക പാഠശാലകളിലൂടെ സാധ്യമല്ലെന്ന് അദ്ദേഹത്തിന് മനസ്സിലായി. അങ്ങിനെ തന്റെ മകന് വേണ്ടി പിതാവ് തന്നെ ഒരു പ്രത്യേക പാഠ്യപദ്ധതി സ്വയം ആവിഷ്കരിച്ചു പഠിപ്പിക്കാൻ തുടങ്ങി. അതോടൊപ്പം മറ്റു പണ്ഡിതന്മാരിൽ നിന്നും തജ്വീദ്, അറബി വ്യാകരണം, ഹനഫീ ഫിഖ്ഹ് തുടങ്ങി ദീനീ വിജ്ഞാനത്തിന്റെ വിവിധ ശാഖകളിൽ നാസ്വിറുദ്ദീൻ ധാരാളം അറിവുകൾ നേടി. പിതാവിന്റെ സുഹൃത്തുക്കളായ പണ്ഡിതന്മാരായിരുന്നു മിക്ക അദ്ധ്യാപകരും.

**ഹദീസ് വിജ്ഞാനത്തിലേക്ക്**

അൽബാനിക്ക് 20 വയസ്സുള്ളപ്പോൾ ഈജിപ്തിൽനിന്നും സയ്യിദ് റശീദ് രിദ പ്രസിദ്ധീകരിച്ചിരുന്ന *അൽമനാർ* മാസികയിൽ ഇമാം ഗസ്സാലിയുടെ *ഇഹ്യാഉലൂമുദ്ദീനി*ലെ വിഷയങ്ങളെ നിരൂപണം ചെയ്തുകൊണ്ട് എഴുതിയ ലേഖനങ്ങൾ അദ്ദേഹം വായിക്കാനിടയായി. അത്യാകർഷകമായ ആ നിരൂപണശൈലി അൽബാനിയെ ഹദീഥ് നിരൂപണ പഠനത്തിലേക്ക് പ്രചോദിപ്പിച്ചു. *ഇഹ്യാ*യിലെ ഹദീഥുകളെയും മറ്റും പരമ്പരസഹിതം വിശകലനം ചെയ്യുന്ന ഹാഫിള് ഇറാഖിയുടെ *അൽമുഗ്നി* എന്ന ഗ്രന്ഥം അൽബാനി പകർത്തി എഴുതി. ഈ പ്രായത്തിൽ ആയിരക്കണക്കിന് പേജുകൾ ഇപ്രകാരം കൈകൊണ്ട് പകർത്തി എഴുതിയതിൽ നിന്ന് തന്നെ അൽബാനിയുടെ ഉത്സാഹശീലവും താൽപര്യവും വ്യക്തമാണ്. ഹദീഥ് വിജ്ഞാനത്തിലുള്ള മകന്റെ ഈ ഉത്സാഹത്തെ പിതാവ് നിരുത്സാഹപ്പെടുത്തിയിരുന്നു. എങ്കിലും പിതാവിന്റെ എതിർപ്പുകൾ വകവെക്കാതെ ഹദീഥിലും അതിന്റെ നിദാനശാസ്ത്രത്തിലും അൽബാനി കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചു.

അദ്ദേഹം എഴുതിയ പുസ്തകങ്ങളിൽ ആദ്യത്തേത് ധാരാളം തെളിവുകളും താരതമ്യ ങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള *തഹ്ദീറുസ്സാജിദ് മിൻ ഇത്തിഖാദിൽ ഖുബൂരി മസാ ജിദ്* എന്ന ഗ്രന്ഥമായിരുന്നു. ഈ പുസ്തകത്തിന്റെ ധാരാളം പതിപ്പുകൾ ഇതിനകം ഇറങ്ങുകയുണ്ടായി. അതുപോലെത്തന്നെ ശൈഖ് അൽബാനി ആദ്യകാലത്തെഴുതിയ *അർറൗദത്തുനദീർ ഫീ തർത്തീബ് വ തഖ്രീജ് മുഅ്ജമിത്തബറാനിയ്യിൽ കബീർ* എന്ന ഗ്രന്ഥം ഇന്നും പ്രസിദ്ധീകരിക്കാതെ കിടക്കുന്നു.

**ളാഹിരിയ്യ: ഗ്രന്ഥാലയത്തിലേക്ക്**

സ്വന്തം പിതാവിന്റെ എതിർപ്പുകൾ വകവെക്കാതെ ഹദീഥിലും അതിന്റെ നിദാനശാ സ്ത്രങ്ങളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അതിന്നാവശ്യമായ ഗ്രന്ഥങ്ങൾ പിതാ വിന്റെ ഗ്രന്ഥശേഖരത്തിൽ ലഭ്യമായിരുന്നില്ല. പിതാവിന്റെ ശേഖരത്തിലധികവും ഹനഫീ മദ്ഹബിലെ ഫിഖ്ഹ് ഗ്രന്ഥങ്ങളായിരുന്നു. തനിക്കാവശ്യമുള്ള പുസ്തക ങ്ങൾക്കുള്ള പണം കണ്ടെത്താൻ അദ്ദേഹം വിഷമിച്ചു. അതിനാൽ ദമസ്കസിലുള്ള ''അൽ മക്തബത്തു ളാഹിരിയ്യ'' എന്ന ലൈബ്രറിയിൽ നിന്നും ആവശ്യമായ പുസ്തക ങ്ങൾ കടമെടുത്തു. ചിലപ്പോൾ പുസ്തക വിൽപന ശാലയിൽ നിന്നും നിശ്ചിത ദിവസ ങ്ങൾക്ക് കടമെടുക്കും.

അദ്ദേഹം ഹദീഥ് നിദാന ശാസ്ത്രത്തിൽ തന്നെ മുഴുകി. അത് കാരണം നേരത്തെ തന്നെ തന്റെ കടയടച്ച് പന്ത്രണ്ട് മണിക്കൂറോളം ലൈബ്രറിയിൽ ചിലവഴിക്കും. നമസ്കാ രത്തിന് വേണ്ടി മാത്രം പുറത്ത് പോകും. ഭക്ഷണം മിക്കവാറും ലഘുവായി അതിനകത്ത് വെച്ച് തന്നെ കഴിക്കും. പുറത്ത് പോകാറില്ല.

ഇത് കണ്ട് മനസ്സിലാക്കിയ ലൈബ്രറിയധികൃതർ അദ്ദേഹത്തിനായി ഒരു പ്രത്യേക മുറി അതിനകത്ത് ഒരിക്കിക്കൊടുത്തു. കൂടാതെ ലൈബ്രറിസമയത്തിന് മുമ്പ് വന്ന് വായിക്കു ന്നതിനായി ലൈബ്രറിയുടെ ഒരു താക്കോൽ അദ്ദേഹത്തെ ഏൽപ്പിച്ചു. പലപ്പോഴും അതി രാവിലെ തന്നെ അദ്ദേഹം അവിടെയെത്തും. ഇശാ നമസ്കാരം കഴിഞ്ഞാണ് മടങ്ങുക. ഈ കാലയളവിൽതന്നെ അദ്ദേഹം ഗ്രന്ഥരചന ആരംഭിച്ചിരുന്നു. എന്നാൽ അതിൽ പലതും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.

ഹദീഥ് പഠനം കാരണം അദ്ദേഹത്തിൽ ധാരാളം മാറ്റങ്ങളുണ്ടായി. അന്ധമായി ഒരു മദ്ഹബിനെ പിൻപറ്റുന്ന രീതിയിൽനിന്നും മാറി, ഖുർആനും നബിചര്യയും സലഫുസ്സാ ലിഹുകൾ മനസ്സിലാക്കിയ രീതിയിൽ മനസ്സിലാക്കി പിൻപറ്റുന്ന അവസ്ഥ വന്നു. സ്വാഭാ വികമായും, പ്രദേശത്തുള്ള ഹനഫീ പണ്ഡിതന്മാരുമായി പലകാര്യത്തിലും അഭിപ്രായ വ്യത്യാസമുണ്ടായി. അത് പോലെ അവിടെയുള്ള സൂഫികളും മുബ്തദിഉകളും അദ്ദേ ഹത്തെ 'പിഴച്ച വഹാബി' എന്ന് വിളിച്ച് പരിഹസിക്കുകയും സാധാരണ ജനങ്ങളെ ക്കൊണ്ട് അങ്ങിനെ വിളിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. എന്നാൽ ദമസ്കസിൽ തന്നെയുള്ള ചില പണ്ഡിതന്മാരുടെ പ്രോത്സാഹനം അദ്ദേഹത്തിന്റെ മുന്നോട്ടുള്ള കുതി പ്പിന് പ്രചോദനമായി. ശൈഖ് ബഹ്ജത്തുൽ ബൈത്വാർ, ശൈഖ് അബ്ദുൽ ഫത്താഹ്, തൗഫീഖ് അൽ ബർസാ (റഹി) എന്നിവരാണ് അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചവരിൽ ചിലർ.

തൗഹീദും സുന്നത്തും പുന:സ്ഥാപിക്കുന്ന വഴിയിൽ അദ്ദേഹം ധാരാളം എതിർപ്പു കൾ നേരിടേണ്ടി വന്നു. എന്നാൽ അതിലെല്ലാം അദ്ദേഹം ഭംഗിയായ ക്ഷമകൈകൊണ്ടു.

ആയിടക്ക് തന്നെ അദ്ദേഹം നാട്ടിൽ ദ്വൈവാര ക്ലാസ്സുകൾ തുടങ്ങി. സർവകലാശാലാ ധ്യാപകരും, വിദ്യാർത്ഥികളും അതിൽ ഹാജരായി. ഫിഖ്ഹ്, ഉസൂൽ, ഇൽമുൽ ഹദീഥ് തുടങ്ങിയ വിഷയങ്ങളാണ് അവിടെ പഠിപ്പിച്ചുകൊണ്ടിരുന്നത്.

എല്ലാ മാസവും ജോർദാനിലേയും സിറിയയിലേയും വിവിധ നഗരങ്ങളിലേക്ക് അധ്യാപന–പഠനാവശ്യാർത്ഥം സഞ്ചരിക്കും.

അദ്ദേഹത്തിന്റെ കൃതികൾ അച്ചടിച്ചുവന്നതോടെ, അറേബ്യൻ നാടുകളിൽ അദ്ദേഹം അറിയപ്പെടാൻ തുടങ്ങി. അങ്ങനെ, മദീനയിലെ ഇസ്‌ലാമിക് സർവ്വകലാശാല (ജാമിഅ: ഇസ്‌ലാമിയ്യ:) യിൽ ഹദീഥ് വിഭാഗത്തിൽ അദ്ദേഹത്തെ അധ്യാപകനായി നിയമിച്ചു.

ഹിജ്റ 1381 മുതൽ മൂന്ന് വർഷം അദ്ദേഹം അവിടെ ചെലവഴിച്ചു. പിന്നീട് സർവ്വകലാശാല ബോർഡ് മെമ്പറാവുകയും ചെയ്തു. ഈ കാലയളവിൽ അദ്ദേഹം തന്റെ ഹദീഥ് വിജ്ഞാന സമ്പത്ത് പരിപോഷിപ്പിച്ചു. കൂടാതെ സർവ്വകലാശാലയിൽ സാധാരണയായി പഠിപ്പിച്ചുവരുന്ന രീതി മാറി ഹദീഥ് നിദാനശാസ്ത്രത്തിനുംകൂടി പ്രാധാന്യം നൽകുന്ന ധാരാളം പാഠപുസ്തകങ്ങൾ സിലബസിൽ ഉൾപ്പെടുത്തി. അത് കാരണം ധാരാളം വിദ്യാർത്ഥികൾ ആ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. അതിൽ പലരും ഈ വിഷയത്തിൽ പ്രാവീണ്യം നേടി. അക്കാരണത്താൽ തന്നെ ഹദീഥുകൾ പരമ്പരസഹിതം പരിശോധിച്ചുകൊണ്ടുള്ള ധാരാളം ഗ്രന്ഥങ്ങളും, അതിന്റെ സൂചിക (ഇൻഡക്സ്)യടങ്ങുന്ന ഗ്രന്ഥങ്ങളും ഇറങ്ങാൻ തുടങ്ങി. ശൈഖ് അൽബാനി ജാമിഅ:യിൽ വരുന്നതിന് മുമ്പ് ഹദീഥിന്റെ പരമ്പരകൾക്ക് പ്രാധാന്യംകൊടുത്തുകൊണ്ടുള്ള പഠനരീതി അവിടെയുണ്ടായിരുന്നില്ല. പിന്നീട് ഈ പഠന രീതി ലോകത്ത് പല സർവ്വകലാശാലകളിലും നടപ്പിലാക്കി. അപ്പോൾ ഈ രംഗത്തുള്ള അദ്ദേഹത്തിന്റെ സ്വാധീനം ആർക്കും നിഷേധിക്കാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ ‘മൻഹജി’നെ എതിർക്കുന്നവർക്ക് പോലും.

മദീനയിലെ അധ്യാപകജീവിതത്തിനുശേഷം അദ്ദേഹം വീണ്ടും ‘‘മക്തബത്തുളാഹിരിയ്യ’’യിൽ തിരിച്ചെത്തി. ഈ സമയത്ത് തന്റെ വാച്ച് റിപ്പയർകട സഹോദരന്മാരിലൊരാളെ ഏൽപ്പിച്ചു. ‘‘മക്തബത്തുളാഹിരിയ്യ’’യിൽ പഠനവും രചനയുമായി കഴിഞ്ഞുകൂടി.

പ്രബോധന പ്രവർത്തനങ്ങളുമായി അദ്ദേഹം വിവിധ രാജ്യങ്ങൾ സന്ദർശിച്ചു. ഖത്തർ, ഈജിപ്ത്, യു.എ.ഇ., കുവൈത്ത്, സ്പെയിൻ, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങൾ അവയിൽ ചിലത് മാത്രം.

അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ പ്രശംസിച്ച ധാരാളം അറിയപ്പെടുന്ന പണ്ഡിതന്മാരുണ്ട്. അതിലൊന്നാമത്തേത് ശൈഖ് അബ്ദുൽ അസീസ് ഇബ്നു അബ്ദുല്ലാ ഹിബ്നുബാസ് ആണ്. അദ്ദേഹം ഒരിക്കൽ ശൈഖ് അൽബാനിയെകുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്: ‘‘ശൈഖ് നാസിറിനെക്കാളും പ്രവാചകന്റെ (സ) ഹദീഥുകളെക്കുറിച്ച് അറിവുള്ള ഒരാളും ആകാശത്തിന് കീഴെയുള്ളതായി ഞാനറിയില്ല’’ (*അദ്ദുസ്തുറുൽ ഉർദുനിയ്യ* 8/10/1999). കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കറകളഞ്ഞ ‘മൻഹജി’ലേക്ക് ക്ഷണിച്ച് കൊണ്ടിരിക്കുന്ന അദ്ദേഹത്തിന്റെ ധാരാളം ശിഷ്യന്മാർ അദ്ദേഹത്തെ പ്രശംസിച്ച്കൊണ്ട് എഴുതിയിട്ടുണ്ട്.

തസ്ഫിയ്യത്തി(ശുദ്ധീകരണം)നും തർബിയ്യത്തി(ശിക്ഷണത്തി)നും ഊന്നൽ നൽകിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രബോധന പ്രവർത്തനങ്ങൾ എൺപത്തിയാറ് വയസ്സ് വരെ നീണ്ടുനിന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥരചനയും, ഹദീഥ് പരിശോധനയും മരിക്കുന്ന

തിന് രണ്ട് മാസം മുമ്പ് വരെ തുടർന്നു. എന്നാൽ ശാരീരികാരോഗ്യം വളരെയധികം ക്ഷയിച്ച അവസാന രണ്ട് മാസങ്ങൾ അതിൽ നിന്നും ഒഴിഞ്ഞ്നിൽക്കേണ്ടിവന്നു. എന്നിട്ടും അദ്ദേഹത്തിന്റെ ഹൃദയം ഇതുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. ഹിജ്റ: 1420 (10 –9–99 ക്രി.വ.) ജമാദുൽ ആഖിറയിൽ എട്ടുദിവസം മാത്രം ബാക്കി നിൽക്കെ ശനിയാഴ്ച സൂര്യാസ്തമയത്തിന് മുമ്പ് ശൈഖ് അൽബാനി ഈ ലോകത്തോട് വിട പറഞ്ഞു. (ഇന്നാലില്ലാഹി....)

അന്ന് തന്നെ അദ്ദേഹത്തെ ഖബറടക്കി. ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെ ഖബറടക്കണമെന്ന് അദ്ദേഹം തന്റെ വിൽപത്രത്തിൽ എഴുതിവെച്ചതിനാൽ അത് നടപ്പിലാക്കി. മയ്യിത്ത് നമസ്കാരത്തിന് അയ്യായിരത്തിലേറെ പേർ പങ്കെടുത്തു. അതിൽ സൗദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയായ ശൈഖ് അബ്ദുൽ അസീസ് ഇബ്നു അബ്ദുല്ലാ ആലുശൈഖ്, ശൈഖ് മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ, ശൈഖ് അബ്ദുല്ലാഹിബ്നു ജിബ്രീൻ, ശൈഖ് സ്വാലിഹ് ഇബ്നു അബ്ദുൽ അസീസു ബ്നു മുഹമ്മദ് ആലുശൈഖ് എന്നിവരും ഉൾപ്പെടും.


*അവലംബം:*

*(1) ഡോ. ആസിം അബ്ദുല്ല അൽഖർയൂതി എഴുതിയ അൽബാനിയുടെ ജീവചരിത്രം.*

*(2) ശൈഖ് അലീ ഹസൻ അൽഹലബിയുടെ ''മഅ ശൈഖിനാ നാസ്വിറുസ്സുന്ന'' എന്ന ഗ്രന്ഥം.*


*വിവർത്തനം:* മുഹമ്മദ് സിയാദ്